**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**11-06-2021**

## കാർഷികവാർത്തകൾ

**1. കൃഷി വായ്പ തിരിച്ചടവ് കാലാവധിയിൽ ഇളവ്**

മാർച്ച് ഒന്നിനു ശേഷം കുടിശ്ശികയാകുന്ന കൃഷി വായ്പകൾ ഈ മാസം 30 നുള്ളിൽ പുതുക്കിയാലും കൃത്യമായ സമയത്തെ തിരിച്ചടവിന് നൽകുന്ന മൂന്ന് ശതമാനം പലിശയിളവ്, പൊതുവായി നൽകുന്ന രണ്ട് ശതമാനം പലിശയിളവ് എന്നിവ അനുവദിക്കും. മൂന്നു ലക്ഷം രൂപ വരെയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് വായ്പകൾക്കാണ് ഇത് ബാധകം.

**2. അറിയിപ്പ്**

ലോക്ക്ഡൌൺ കാലത്തു വിപണിയില്ലാതെ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാൻ കോഴിക്കോട് ഹോർട്ടിക്കോർപ് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ വിറ്റഴിക്കാൻ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം തേടുന്നു. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് ഹോർട്ടികോർപ്പിന്റെ 8714144834, 9746297587 എന്നീ കസ്റ്റമർ കെയർ നമ്പറുകളിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയുള്ള സമയത്ത് ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലനങ്ങൾ**

3. വെള്ളായണിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ നേതൃത്വത്തിൽ ഈ മാസം 15, 16, 17 തീയതികളിൽ രാവിലെ 10.30 മുതൽ 1.00മണി വരെ 'ഹൈടെക്ക് അടുക്കളനിർമ്മാണവും പരിപാലനവും' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കാൽ സെന്റിലും അര സെന്റിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെ കുറിച്ച് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **9995953654, 9961533547, 7736690639** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി** യോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഈ മാസം 18-ാം തീയതി 'കാട വളർത്തലിലും', 24 മുതൽ 25 വരെ 'ആട് വളർത്തലിലും'സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു. താൽപര്യമുള്ള കർഷകർ **9188522703** എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പെര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. **റബ്ബറിന് വളമിടുന്നതിൽ ഓൺലൈൻ പരിശീലനം** റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. 2021 ജൂൺ 16-ന് ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

6. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന** കേന്ദ്രത്തിൽ വച്ച് ഈ മാസം 15, 16 തീയതികളിൽ പശുവളർത്തൽ 23, 24 തീയതികളിൽ എരുമ വളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**7. കുളമ്പുരോഗംകർഷകർ അറിയേണ്ടത്.**

കുളമ്പുരോഗംപടർന്നുപിടിക്കാതിരിക്കാനായി ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. പനിയോ രോഗലക്ഷണങ്ങളോ കാണിക്കുവാൻ തുടങ്ങുന്ന മൃഗങ്ങളെ ഒരു കാരണവശാലും മേയാനോ പൊതുസ്ഥലങ്ങളിൽ മറ്റു കാലികളുമായി ഇടപെടാനോ അനുവദിക്കരുത്. അടുത്തുള്ള മൃഗാശുപത്രിയിൽ വിവരം അറിയിക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സാ വിധികൾ സ്വീകരിക്കുകയും വേണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. എരിത്തിലും പരിസരവും വൃത്തിയാക്കാനയിനാല് ശതമാനം വീര്യമുള്ള അലക്കു കാരം അതായത് 40 ഗ്രാം അലക്കുകാരം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്, അണുനാശിനിയായി ഉപയോഗിക്കാം.

3. എരിത്തിലിലേക്ക് കയറുന്നിടത്തും എരുത്തിലിൽ നിന്നും ഇറങ്ങുന്നിടത്തും അലക്കുകാര ലായനി ഉപയോഗിച്ച് ഫുട്ട് ബാത്ത് കൊടുക്കുന്നത് രോഗാണു വ്യാപനം കുറയ്ക്കും.

4. കുളമ്പിൽ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അഞ്ചു ശതമാനം വീര്യമുള്ള തുരിശുലായനിയിൽ കുളമ്പ് അഞ്ചു നിമിഷനേരം മുക്കി വയ്ക്കുന്നത് നല്ലതാണ്.

5. വായയിൽ വൃണങ്ങൾ കാണുകയാണെങ്കിൽ വളരെ നേർത്ത പൊട്ടാസ്യം പെർമാംഗനേറ്റ് ലായനിയോ ബോറിക് ആസിഡ് ലായനിയോ ഉപയോഗിച്ച് വായകഴുകകയോ ബോറിക് ആസിഡ് ശർക്കരയിലോ പഴത്തിലോ ചേർത്ത് ചവയ്ക്കാൻ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ